Volume: 1, Issue: 13

# അങ്ങാടിപത്രം

## നമ്മുടെ നാടിന്റെ വാർത്താജാലകം

ഓഗസ്റ്റ്
24
ചൊവ്വ
2021

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


### എടൂർ - പാലത്തുംകടവ് റോഡ്

# സ്ഥലം വിട്ടു നൽകുന്നതിൽ അനിശ്ചിതാവസ്ഥ

നീതു തങ്കച്ചൻ

റീ ബിൽഡ് കേരളയുടെ ഭാഗമായ എടൂർ-കമ്പനി നിരത്ത്-ആനപ്പന്തി-അങ്ങാടിക്കടവ്-വാണിയപ്പാറ-വളവുപാറ-കച്ചേരിക്കടവ്- പാലത്തുംകടവ് റോഡിന്റെ നിർമ്മാണത്തിനായുള്ള അളവെടുപ്പ് തുടങ്ങി. 128.43 കോടി രൂപ മുടക്കിൽ പണിയുന്ന 24.45 കിലോമീറ്റർ റോഡിന്റെ വീതി 11 മീറ്ററിലേക്ക് വർദ്ധിപ്പിക്കാനുള്ള അളവാണ് ആരംഭിച്ചിരിക്കുന്നത്. ടൗണുകളിൽ റോഡിന്റെ വീതി 12 മീറ്റർ ആയിരിക്കും. ഓണം കഴിഞ്ഞാൽ ഉടൻ പ്രവർത്തികൾ ആരംഭിക്കും. ഒന്നര വർഷം ആവശ്യമായ നിർമ്മാണത്തിന് അഞ്ച് വർഷത്തേക്കാണ് പരിപാലന ചുമതല. ടൗണുകളിൽ 7 മീറ്റർ വീതിയിലും മറ്റിടങ്ങളിൽ 5.5 മീറ്റർ വീതിയിലും മെക്കാഡം ടാറിംങ് നടത്തും. പ്രളയാനന്തര പുനർനിർമ്മാണ പദ്ധതി എന്ന നിലയിൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയാണ് റോഡുകളുടെ വികസനം. മതിൽ നഷ്ടപ്പെടുന്നവരുടെ ഭൂമിയിൽ മതിലുകെട്ടികൊടുക്കാമെന്ന് പഞ്ചായത്തും കെഎസ്ടിപി അധികൃതരും അറിയിച്ചു. എടൂർ മുതൽ ആനപ്പന്തി വരെയുള്ള 3.5 കിലോമീറ്ററിൽ ജനങ്ങൾ സ്ഥലം വിട്ടു നൽകാൻ തയ്യാറായിട്ടില്ല. നിശ്ചിത റൂട്ടിലുള്ളവരെ പ്രതിനിധീകരിച്ചെത്തിയവരുമായി ജനകീയ കമ്മിറ്റി പ്രതിനിധികളും ജനപ്രതിനിധികളും നടത്തിയ ചർച്ചയിൽ അന്തിമതീരുമാനമാവാത്തതിനാൽ സ്ഥലംവിട്ടു നൽകുന്നതുമായി ബന്ധപ്പെട്ട അനിശ്ചിതാവസ്ഥ തുടരുകയാണ്.



റോഡ് പുനർനിർമ്മാണത്തിനായി അളവെടുപ്പ് ആരംഭിച്ചപ്പോൾ

“അയ്യൻകുന്ന് പഞ്ചായത്തിന്റെ മധ്യസിരാ കേന്ദ്രത്തിലൂടെയാണ് ഈ റോഡ് കടന്നു പോകുന്നത്. ഈ പദ്ധതി പ്രകാരം 99 പൈപ്പിട്ട പുതിയ കലുങ്കുക ളും പ്രധാന കലുങ്കുകൾ പുതുക്കിപ്പണിയുകയും ചെയ്യും. കൂടാതെ ബസ് കാത്തിരിപ്പ് കേന്ദ്രം, ക്രാഷ് ബാരിയർ, ദിശാസൂചന ബോർഡുകൾ ടൗണുകളിൽ നടപ്പാത മുതലായവ നിർമിക്കും. സ്ഥലം വിട്ടു നൽകുന്ന എല്ലാവർക്കും മതിൽകെട്ടി കൊടുക്കും. അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിലൂടെ ലോക നിലവാരത്തിലുള്ള റോ ഡ് കടന്ന് വരുന്നതിലൂടെ യാത്രകൾ സുഗമമാകും.

**- കുര്യാച്ചൻപൈമ്പള്ളിക്കുന്നേൽ**
**അയ്യൻകുന്ന്പഞ്ചായത്ത്പ്രസിഡന്റ്**

‘മൂന്നു വർഷങ്ങൾക്ക് മുൻപാണ് റോഡ് നവീകരണത്തിന് സ്ഥലം വിട്ടുനൽകിയത്. ഉണ്ടായിരുന്ന മതിൽ പൊളിക്കുകയും റോഡ് നിർമാണത്തിനു ശേഷം ഞങ്ങൾ തന്നെ അത് പുനർനിർമ്മിക്കുകയും ചെയ്തു. കൂടാതെ ഞങ്ങളുടെ പല ആദായങ്ങളും നഷ്ടപ്പെടുകയും ചെയ്തു. മുൻ നവീകരണത്തിൽ റോഡ് അളക്കുന്ന സമയത്ത് ബന്ധപ്പെട്ട കമ്മിറ്റി അംഗങ്ങൾ വീട്ടിൽ വരുകയും സമ്മതം വാങ്ങുകയും ചെയ്തിരുന്നു. ഇത്തവണ അങ്ങനെ ഒരു രീതി ഉണ്ടായിട്ടില്ല. അതിനാൽ പഞ്ചായത്ത് അധികൃതർ ഇത്തരം കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടിയിരിക്കുന്നു’.

**- സണ്ണി ജോസ് തണങ്ങാട്ട്**

‘സുപ്രീംകോടതി വിധി പ്രകാരം പൊതുജനങ്ങളിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നുവെങ്കിൽ നഷ്ടപരിഹാരം നൽകണം. ഈ ഉത്തരവിന്റെ പരസ്യമായ ലംഘനമാണ് ഇവിടെ നടക്കുന്നത്. പിഡബ്ല്യുഡിയുടെയും കെ എസ് ടി പി യുടെയും മാനുവൽ പ്രകാരമല്ല ഈ നിർമ്മാണം നടക്കുന്നത്. 16 മീറ്റർ വീതിയുള്ള തലശ്ശേരി - വളവുപാറ റോഡ് നിർമ്മാണത്തിൽ ഒരു കിലോമീറ്ററിനായി 3.80 കോടി രൂപയാണ് ചിലവായത്. സർക്കാർ പൊന്നുംവില കൊടുത്താണ് അവിടെയുള്ള ഭൂമി ഏറ്റെടുത്തിരുന്നത്. കൂടാതെ എന്നാൽ നമ്മുടെ റോഡിനാ യി 5.40 കോടി രൂപയാണ് കണക്കാക്കിയിരിക്കുന്നത്. കൃത്യമായി വികസനങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല. അതിനാൽ പഞ്ചായത്ത് ഈ കാര്യങ്ങളിൽ പൊതുജനങ്ങൾക്ക് കൃത്യമായ മറുപടി നൽകണം’.

**- അഡ്വ. മനോജ് പീറ്റർ**

‘റീബിൽഡ് കേരളയുടെ ഭാഗമായി നിലവിൽ 27 പണികൾ കേരളത്തിൽനടക്കുന്നുണ്ട്. നാടിന്റെമുഖച്ഛായമാറ്റുന്നപദ്ധതിയാണിത്. അതിനാൽ ഈ നവീകരണം നാടിന്റെ ആവശ്യമാണ്’.

**- സിബി വാഴക്കാല**
**വാർഡ്മെമ്പർ**

‘കള്ളുഷാപ്പ് മുതൽ പഞ്ചായത്ത് വരെയാണ് ആദ്യം 12 മീറ്റർ വീതി യിൽ ചെയ്യാൻ തീരുമാനിച്ചിരുന്നത്. പിന്നീടത് ഡോൺബോസ്കോ കോളേജ് മുതൽ അങ്ങാടിക്കടവ് പള്ളി വരെ എന്ന തീരുമാനമായി. പ്രദേശത്തുള്ള 10 വീട്ടുകാർക്കാണ് ഈ നവീകരണം കൊണ്ട് ഏറെ നഷ്ടങ്ങൾ ഉണ്ടാകാൻ പോകുന്നത്. 11 മീറ്റർ വീതി നൽകണമെങ്കിൽ മതിയായ നഷ്ടപരിഹാരം നൽകാൻ പഞ്ചായത്ത് തയ്യാറാകണം’.

**- രാജൻ നടുവിലേഷാട്ട്**

സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, ചരൾ
ഒപ്പം

# കൈത്താങ്ങായി ‘ഒപ്പം’

ഡെൽന ഡേവിസ്

പ്രവചനാതീതമായ നാളുകൾ, ഉയിരെടുക്കുന്ന മഹാമാരി, പ്രതീക്ഷിക്കാത്ത ദുരിതങ്ങൾ, കാലവും നേരവും മനുഷ്യനെ നിസ്സഹായനാക്കുമ്പോൾ സഹായഹസ്തം നീട്ടുന്ന ഒരു കൂട്ടരുണ്ട്. ദൂരെയൊന്നും അല്ല, നമ്മുടെ അയ്യൻകുന്ന് പഞ്ചായത്തിലെ ചരൾ വാർഡിൽ. അർപ്പണബോധവും, ഇച്ഛാശക്തിയും, സഹജീവിസ്നേഹവും കൊണ്ട് സ്വയം സമർപ്പിതരായി മുന്നിട്ടിറങ്ങിയ ‘ഒപ്പം’ ടീം.

ചരൾ ഇടവക വികാരി ഫാ. ജോസഫ് കുരിശുംമൂട്ടിൽ രക്ഷാധികാരിയായി പ്രവർത്തിക്കുന്ന ഈ സന്നദ്ധ സേനയിൽ നിലവിൽ 18 അംഗങ്ങളുണ്ട്. മത - രാഷ്ട്രീയ ഭേദമന്യേ നാടിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഒപ്പത്തിന്റെ കരുതലിന് അതിർവരമ്പുകളില്ല. ജനുവരിയിൽ പ്രവർത്തനം ആരംഭിച്ച ടീം കോവിഡ് മരണാനന്തര ചടങ്ങുകളിലും മറ്റ് ജീവകാരുണ്യ, ദുരന്തനിവാരണ പ്രവർത്തനങ്ങളിലും പ്രാവീണ്യം ഉള്ളവരാണ്.

‘ഞാൻ ഒരു ആത്മീയ നേതൃത്വം കൊടുക്കുന്നു എന്നേയുള്ളൂ. നാടിന്റെ ആവശ്യത്തിനായി രൂപപ്പെട്ടതാണ് ഒപ്പം ടീം. കൊറോണക്കാലത്ത് മരുന്നും,ഭക്ഷണ സാധനവും, ചികിത്സാസഹായവും ഒന്നുമില്ലാതെ ആളുകൾ ബുദ്ധിമുട്ടുന്നത് കണ്ടപ്പോൾ മനസ്സിലുദിച്ച ആശയമാണിത്. ഏതു സാഹചര്യത്തിലും, രാത്രിയെന്നോ പകലെന്നോ ഭേദമില്ലാതെ പ്രവർത്തിക്കാൻ ടീമംഗങ്ങൾ സന്നദ്ധരാണ്. ഒപ്പം എന്നാൽ കൈത്താങ്ങ് എന്ന അർത്ഥത്തിലാണ് തിരഞ്ഞെടുത്തത്. മുൻപിലല്ല, പിറകിലല്ല ജനങ്ങളുടെ കൂടെ, അതാണ് ഒപ്പം’. ഫാ. ജോസഫ് കുരിശുംമൂട്ടിൽ പറഞ്ഞു.



ഇതിനോടകം ഏഴ് കോവിഡ് ചരമഅടക്കുകളിൽ പങ്കെടുത്ത ടീം അംഗങ്ങൾ ഒട്ടേറെ ജീവകാരുണ്യ പ്രവർത്തനങ്ങളിലും പങ്കാളികളായി. ഇലക്ട്രീഷ്യൻ, നഴ്സുമാർ, മരം മുറിക്കുന്നവർ എന്നിങ്ങനെ എല്ലാ മേഖലകളിൽ നിന്നുള്ളവരെയും ഉൾക്കൊള്ളുന്നതാണ് ഒപ്പം ടീം. ചികിത്സാസഹായം രക്തദാനം എന്നീ സഹായങ്ങളും വെള്ളപ്പൊക്കം മണ്ണിടിച്ചിൽ തുടങ്ങി ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കും ഒപ്പമുണ്ട്.

‘ഒപ്പം’ ടീമിന്റെ പ്രവർത്തനങ്ങളുടെ ഒരു ഭാഗം മാത്രമാണ് കോവിഡ് അടക്ക്. മറ്റുള്ളവർക്ക് സഹായം ആവശ്യമുള്ള ഏത് അടിയന്തര ആവശ്യത്തിലും ഞങ്ങളുടെ സേവനം ലഭ്യമാണ്’ ടീം ലീഡർ ഷൈജു ഓലിക്കൽ പറഞ്ഞു.

‘സാമൂഹിക പ്രവർത്തനം താൽപര്യമുള്ള മേഖലയാണ്. അതുകൊണ്ടുതന്നെ അതിനായി സമയം മാറ്റി വയ്ക്കുന്നത് ബുദ്ധിമുട്ടായി തോന്നിയിട്ടില്ല. ഓരോ സംസ്കാരചടങ്ങിൽ പങ്കെടുക്കുമ്പോഴും പുതിയ ബോധ്യങ്ങളാണ് ലഭിക്കുന്നത്. ഈ ടീമിൽ പ്രവർത്തിക്കാൻ സാധിച്ചതിൽ അഭിമാനമേയുള്ളൂ’ ടീം ലീഡർ ഷാജി പുളിച്ചമാക്കൽ പറഞ്ഞു. യാതൊരുവിധ പ്രതിഫലവും പ്രതീക്ഷിക്കാതെ സേവനം ചെയ്യുന്ന ഇവർ നാടിനു മാതൃകകളാണ്.

**അത്യാവശ്യഘട്ടങ്ങളിൽ ബന്ധപ്പെടുക:**
**9747164557, 9495097143**

# കുടുംബശ്രീയുടെ ഓണവിപണി

അഭിരാം കെ.

അയ്യൻകുന്ന് പഞ്ചായത്തിലെ കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള ഓണവിപണി പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പളികുന്നേൽ ഉദ്ഘാടനം ചെയ്തു. പഞ്ചായത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന ജൈവ ഉത്പ്പന്നങ്ങൾ ചന്തയിലൂടെ വിൽക്കുവാൻ സാധിക്കും. 71 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പും 171 കുടുംബശ്രീയും സംയുക്തമായിട്ടാണ് ഓണചന്ത നടത്തുന്നത്. ജില്ലാമിഷൻ ബ്ലോക്ക് കോർഡിനേറ്റർ, ജില്ലാനേതൃത്വത്തിലുള്ള ടീമംഗങ്ങൾ, ഉപസമിതികൾ, അയ്യൻകുന്ന് പഞ്ചായത്ത് സി. ഡി. എസ് മെമ്പർമാർ എന്നിവരും ഈ ഉദ്ധ്യമത്തിൽ പങ്കാളികളാകുന്നുണ്ട്.

‘പ്രാദേശികമായി ലഭിക്കുന്ന എല്ലാതരം കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് വേണ്ടിയുള്ള മാർക്കറ്റ് കണ്ടെത്തുക എന്നതാണ് ഓണചന്തയിലൂടെ ഉദ്ദേശിക്കുന്നത്. ഇതിലൂടെ കൂടുതൽ സംരംഭകർക്ക് മുന്നോട്ടു വരാൻ സാധിക്കും’. ജില്ലാ മിഷൻ മൈക്രോ കൺസൾട്ടന്റ് ജ്യോതിർലത പറഞ്ഞു.

കുടുംബശ്രീ പ്രവർത്തകരുടെ ജീവിതനിലവാരം ഉയർത്താൻ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് രൂപീകരിക്കുകയും അവർക്ക് കൃഷി നടത്താൻ ആവശ്യമായ സാമ്പത്തിക സഹായമായി ലോണുകൾ കൊടുക്കുകയും ചെയ്യുന്നുണ്ട്’. സി. ഡി. എസ് ചെയർപേഴ്സൺ റോസിലി വിൽസൺ പറഞ്ഞു.

# അഭിനന്ദനങ്ങൾ




കണ്ണൂർ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ട ഡോൺ ബോസ്കോ സലേഷ്യൻ വൈദികർ

## എഡിറ്റോറിയൽ

# സുതാര്യമാവണം ആശയവിനിമയം

ഏറെനാളത്തെ കാത്തിരിപ്പിന് അന്ത്യംകുറിച്ച് എടൂർ - പാലത്തുംകടവ് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. അങ്ങാടിക്കടവിന്റെ ഗതാഗത - അടിസ്ഥാനസൗകര്യങ്ങൾക്ക് വലിയതോതിൽ ഉണർവ് ലഭിക്കുന്ന പദ്ധതിയാണിതെന്ന് പറയപ്പെടുമ്പോഴും ഒട്ടേറെ തർക്കങ്ങളും സംശയങ്ങളും ഇപ്പോഴും ബാക്കിയാവുന്നു. റീ ബിൽഡ് കേരള പദ്ധതിയിൽപ്പെടുന്ന ഈ പ്രൊജക്ടിൽ എടൂർ - പാലത്തുംകടവ് 24.45 കിലോമീറ്റർ റോഡാണ് പുനർനിർമ്മിക്കപ്പെടുന്നത്. രണ്ടുവർഷംകൊണ്ട് പൂർത്തിയാക്കുന്ന ഈ പദ്ധതിയിൽ റോഡുകൾ 11 മീറ്റർ വീതിയിലും ടൗണുകളിൽ 12 മീറ്റർ വീതിയിലുമാണ് നിർമ്മിക്കപ്പെടുന്നത്. ഈ രീതിയിൽ അളവെടുപ്പ് തുടങ്ങിയെങ്കിലും പ്രദേശവാസികളുടെ പ്രശ്നങ്ങൾ ഇപ്പോഴും പരിഹരിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നുണ്ട്. സമീപകാല സർവ്വേ പ്രകാരം ആനപ്പന്തിയിലും അങ്ങാടിക്കടവ് ടൗണിലും റോഡരികിലുള്ള പ്രദേശവാസികൾ ഈ പദ്ധതിയ്ക്കായി ഒരു മീറ്ററിലധികം സ്ഥലം നൽകേണ്ടതുണ്ട്. ഇതിന്റെ ആവശ്യകത എന്ത് എന്ന ചോദ്യത്തിന് നേരെ അധികാരികൾ കണ്ണടക്കുകയാണ്. പൊളിക്കേണ്ടി വരുന്ന മതിലുകൾ പഞ്ചായത്ത് പുനർനിർമ്മിക്കാമെന്ന് പറയുന്നുണ്ടെങ്കിലും തങ്ങൾക്ക് നഷ്ടപ്പെടുന്ന കാർഷിക വിളകളുടെയും സ്ഥലത്തിന്റെയും മൂല്യം ആരു നൽകുമെന്നാണ് പ്രദേശവാസികളുടെ ചോദ്യം. കഴിഞ്ഞ തവണ റോഡ് നിർമ്മാണത്തിനായി പൊളിച്ചിട്ട മതിലുകൾ സ്വന്തമായി നിർമ്മിക്കേണ്ടി വന്ന അവസ്ഥയെപ്പറ്റിയും പരിസരവാസികൾ പങ്കുവച്ചു. ടൗൺ റോഡായി ആദ്യം കണക്കിലെടുത്തത് അങ്ങാടിക്കടവ് കള്ളുഷാപ്പ് മുതൽ പഞ്ചായത്ത് ഓഫീസ് വരെയായിരുന്നു. എന്നാൽ പിന്നീടത് ഡോൺബോസ്കോ കോളേജ് മുതൽ അങ്ങാടിക്കടവ് പള്ളിവരെയാക്കി മാറ്റുകയും അളവെടുക്കുകയും ചെയ്തു. പഞ്ചായത്തിൽ വച്ച് ഈ പദ്ധതിക്കായി രൂപംകൊണ്ട കമ്മിറ്റിയിൽ പ്രദേശവാസികളുമായി ചർച്ച നടത്തിയെങ്കിലും യോഗത്തിൽ പങ്കെടുത്തത് കുറച്ച് ആൾക്കാർ മാത്രമായിരുന്നു. പിന്നീട് അളന്നു കുറ്റി വച്ചപ്പോൾ പ്രദേശവാസികളുമായി സംസാരിച്ചിട്ടില്ല. അവരുമായി ചർച്ച നടത്തി ആശങ്കകൾ പരിഹരിച്ച് പ്രശ്നം പരിഹരിക്കാൻ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേതുണ്ട്. പദ്ധതിയുടെ നിർദ്ദേശങ്ങളും വിവരങ്ങളും നൽകേതുണ്ട്. ഓർമിക്കുക പൊതുജനങ്ങളുടെ നിർദേശങ്ങൾ കൂടി ഉൾക്കൊള്ളുന്ന സുതാര്യമായ വികസനമാണ് നമ്മുടെ നാടിന് ആവശ്യം.

-എഡിറ്റർ

# പ്രൊഫസർ കർഷകൻ

**ചെറുപുഷ്പം പാറയ്ക്കൽ**



ഡോ.ജോസ്ലെറ്റ് മാത്യു

ജന്തുശാസ്ത്രം പഠിക്കുകയും പഠിപ്പിക്കുകയും മാത്രമല്ല തന്റെ പ്രവൃത്തിയിലൂടെ മൃഗ പരിപാലനത്തിലും കൃഷിയിലും വിജയഗാഥ രചിക്കുകയാണ് ഈ അധ്യാപകൻ. നിർമ്മലഗിരി കോളേജിൽ നിന്ന് വിരമിച്ച പ്രിൻസിപ്പൽ ഡോ. ജോസ്ലെറ്റ് മാത്യുവാണ് ജില്ലയിലെ മികച്ച ജൈവ കർഷകനുള്ള സരോജിനി ദാമോദരൻ ഫൗണ്ടേഷൻ അക്ഷയശ്രീ അവാർഡ് കരസ്ഥമാക്കി മലയോരത്തിനു അഭിമാനമായിരിക്കുന്നത്.

കാർഷിക മേഖലയോട് വിമുഖത കാണിക്കുന്ന പുതുതലമുറയ്ക്ക് ശക്തമായ ഒരു മറുപടിയാണ് ഡോ. ജോസ്ലെറ്റ് മാത്യുവിന്റെ കാർഷികജീവിതം. 10 വർഷം മുമ്പ് 20 സെന്റിൽ ആരംഭിച്ച് 2 ഏക്കറിലേക്ക് വളർന്ന കാർഷിക വിളകളിൽ വൈവിധ്യങ്ങളേറയാണ്. കിഴങ്ങുവർഗ്ഗങ്ങളും പഴവർഗങ്ങളും മത്സ്യങ്ങളും മാത്രമല്ല സുഗന്ധവ്യജ്ഞനങ്ങളുംഅദ്ദേഹത്തിൻറെ കൃഷിയിടത്തിൽ സമൃദ്ധമായി വളരുന്നു. അന്യംനിന്നുപോകുന്ന വെച്ചൂർ പശുവിനെയും സംരക്ഷിച്ചുപോരുന്നു.

പൂർണമായും ജൈവ രീതിയാണ് ഇദ്ദേഹം കൃഷിയിൽ അനുവർത്തിച്ചുപോരുന്നത്. 'ഫാമിലെ പശുവിന്റെ ചാണകം മത്സ്യ കുളത്തിലെയും മറ്റു ജീവജാലങ്ങളുടെയും സ്ലറിയും കാഷ്ഠവും എല്ലുപൊടിയും എന്നിവയൊക്കെയാണ് വളമാക്കി മാറ്റുന്നത്'. ഡോ ജോസ്ലെറ്റ് പറഞ്ഞു.

വിവിധ ഇനം കോഴികളും കൃഷിയിടത്തിലെ കൗതുകങ്ങളാണ് . പ്രത്യേകം സംരക്ഷണം നൽകിയാണ് അവയെ പരിപാലിച്ചു പോരുന്നത്. കൃഷിയുടെ വിജയ സാധ്യതകൾ പ്രകടമാവുംതരത്തിൽ വളരെ ലളിതവും മാതൃകാപരവുമാണ് ഈ അധ്യാപകന്റെ കൃഷിയിടം. റബർ അടക്കമുള്ള വ്യാവസായിക വിളകളിലേക്ക് മറ്റു കർഷകർ ചുവടു മാറ്റിയപ്പോഴും സമ്മിശ്ര രീതിയാണ് ഇദ്ദേഹം സ്വീകരിച്ചത്. മലയോരത്തിനു ഏറ്റവും അനുയോജ്യമായ കൃഷി രീതിയും ഇതുതന്നെ എന്നാണ് ഇദ്ദേഹത്തിന്റെ പക്ഷം. ധാരാളം ഭക്ഷ്യവിളകൾ കൃഷി ചെയ്തിരുന്ന മലയോരമേഖലയിൽ ഇന്ന് അവ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഈയൊരു സാഹചര്യത്തിലും നാടൻ കിഴങ്ങുവർഗങ്ങളുടെ കാവൽക്കാരനായി മാറുകയാണ് ഈ കർഷക അധ്യാപകൻ. പന്ത്രണ്ടോളം ഇനം വാഴകലാണ് കൃഷിയിടത്തിൽ സംരക്ഷിച്ചു പോരുന്നത്. മാത്രമല്ല മുപ്പതോളം പഴവർഗ്ഗങ്ങളുടെ ശേഖരവും ഉണ്ട്.

കുടുംബത്തിൻറെ നല്ല രീതിയിലുള്ള പിന്തുണ കൂടിയാവുമ്പോൾ വിജയത്തിന് മാറ്റുകൂട്ടും അതുതന്നെയാണ് ഈ അവാർഡ് നേട്ടത്തെ പൂർണ്ണതയിൽ എത്തിച്ചിരിക്കുന്നത് ഡോ. ജോസെലെറ്റ് അഭിപ്രായപ്പെട്ടു. നിലവിൽ അയ്യൻകുന്ന് പഞ്ചായത്ത് മികച്ച കർഷകനു ഏർപ്പെടുത്തിയിട്ടുള്ള അവാർഡ് അടക്കം നിരവധി അംഗീകാരം ഇദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്.

# കർഷകർക്ക് ആദരം

**ക്രിസ്റ്റീൻ ലൂയീസ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് അയ്യൻകുന്ന് കൃഷിഭവന്റെയും ഗ്രാമ പഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ കർഷക ദിനത്തിൽ (ചിങ്ങം 1) തിരഞ്ഞെടുത്ത മികച്ച കർഷകരെ ആദരിച്ചു. അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് നടന്ന പരിപാടിയിൽ അയ്യൻകുന്ന് വൈസ് പ്രസിഡന്റ് ലിസി തോമസ് വലിയതൊട്ടിൽ അദ്ധ്യക്ഷത വഹിച്ചു. യോഗം പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പുതിയ തലമുറയ്ക്കു കൃഷി ചെയ്യാനുള്ള പ്രചോദനവും കർഷകർക്ക് പ്രോത്സാഹനവും എന്ന നിലയിലാണ് കർഷക ദിനം ആചരിക്കുന്നതെന്ന് അയ്യൻകുന്ന് കൃഷിഭവൻ കൃഷി ഓഫീസർ ജിംസി മരിയ ടി. സ്വാഗത പ്രസംഗത്തിൽ പറഞ്ഞു.

മികച്ച കർഷകൻ ജോസഫ് കല്ലാനിക്കൽ, മികച്ച കർഷക ഷീന ഷാജി, എസ് സി/എസ് റ്റി വിഭാഗം മികച്ച കർഷകൻ ചോയി ചാത്തൻ, മികച്ച മത്സ്യ കർഷകൻ വിൽസൺ പ്ലാത്തോട്ടത്തിൽ, മികച്ച ക്ഷീര കർഷകൻ ജോ ബി പനച്ചിക്കൽകരോട്ട്, എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലായി തിരഞ്ഞെടുക്കപ്പെട്ട കർഷകരെയാണ് ചടങ്ങിൽ ആദരിച്ചത്. മുതിർന്ന കർഷക തൊഴിലാളി ജനാർദ്ദനൻ അമ്പിലോത്ത് വീട്ടിലിനെ പ്രത്യേക ആദരം നൽകി.

വിവിധ വാർഡുകളിൽ നിന്ന് പേര് ലഭിച്ച മികച്ച കർഷകരുടെ കൃഷിയിടങ്ങൾ പഞ്ചായത്ത് - കൃഷിഭവൻ അധികാരികൾ നേരിട്ട് സന്ദർശിച്ച് വിലയിരുത്തിയാണ് ആദരവിന് തിരഞ്ഞെടുത്തത്.




'സമൂഹത്തെ നിലനിർത്തുന്ന പ്രധാന ഘടകമാണ് കൃഷി. കാർഷികരംഗം നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കപ്പെട്ടില്ലെങ്കിൽ ചുരുങ്ങിയ വർഷത്തിനുള്ളിൽ കാർഷിക രംഗം അപ്രത്യക്ഷമാകുന്ന ഒരു അവസ്ഥ സമൂഹത്തെ തന്നെ ഇല്ലാതാക്കും'. മികച്ച ക്ഷീര കർഷകനുള്ള ആദരം ഏറ്റുവാങ്ങിയ ജോ ബി പനച്ചിക്കൽകരോട്ട് മറുപടി പ്രസംഗത്തിൽ പറഞ്ഞു.

# വാക്സിൻ ഡ്രൈവ് സംഘടിപ്പിച്ചു



**അഭിരാം കെ.**

ഡോൺ ബോസ്കോ കോളേജിലെ വിദ്യാർത്ഥികൾക്കായി ഇരിട്ടി അമല ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ വാക്സിൻ ഡ്രൈവ് സംഘടിപ്പിച്ചു. ഒന്നാം ഡോസ് വാക്സിൻ എല്ലാ വിദ്യാർത്ഥികൾക്കും നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഡ്രൈവ് നടത്തിയത്. അമല ഹോസ്പിറ്റലിൽ വച്ചായിരുന്നു വാക്സിൻ ഡ്രൈവ് നടത്തിയത്. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് ആശുപത്രിയിലെ തിരക്ക് ഒഴിവാക്കുന്നതിനായി ടോക്കൺ അനുവദിച്ചിരുന്നു.

കോളേജിലെ പകുതിയോളം വിദ്യാർഥികൾ വാക്സിൻ സ്വീകരിച്ചിരുന്നു. ഗവൺമെൻറ് ആശുപത്രികളിൽ ഫ്രീ വാക്സിൻ നൽകുന്നതുകൊുതന്നെ ചുരുക്കം ചില വിദ്യാർത്ഥികൾ മാത്രമായിരുന്നു പെയ്ഡ് വാക്സിന് തയ്യാറായത്. 730 രൂപയാണ് വാക്സിനേഷന് ഓരോ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയത്.

# ഇന്റർ കോളേജ് യോഗ ചാമ്പ്യൻഷിപ്പ് ഡോൺബോസ്കോ കോളേജിൽ

**ജോവാക്കിം**

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ഫിസിക്കൽ എഡ്ജുക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഡോൺബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജ് അങ്ങാടിക്കടവിൽ വെച്ച് യോഗ ചാമ്പ്യൻഷിപ് സംഘടിപ്പിച്ചു. ആൺ-പെൺ വിഭാഗങ്ങളിൽ നടന്ന ഇന്റർ കോളേജ് ചാമ്പ്യൻഷിപ്പിൽ മേരി മാതാ ആർട്സ് ആൻഡ് സയൻസ് കോളേജ് മാനന്തവാടി ചാമ്പ്യൻമാരായി. ഡോൺബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ഒൻപത് കോളേജുകളിൽ നിന്നും 30 വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു.

സൂര്യനമസ്കാരം, ക്രിയായോഗകൾ, നിരവധി യോഗാസനങ്ങൾ എന്നിവ മാറ്റുരയ്ക്കപ്പെട്ടു. കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുക്കൊണ്ട് നന്നായി തന്നെ ഈ പരിപാടി സംഘടിപ്പിക്കുന്നതിന് ആതിഥേയ ടീം വളരെ ശ്രദ്ധിച്ചിരുന്നു. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ഫിസിക്കൽ എഡ്യുക്കേഷൻ അസി. ഡയറക്റ്റർ ഡോ. അനൂപ് കെ വി, മാടായി കോളേജ് ഫിസിക്കൽ എജുക്കേഷൻ അസി. പ്രൊ. പ്രവീൺ മാത്യു എന്നിവർ മുഖ്യാതി ഥികൾ ആയി.

സമാപനച്ചടങ്ങിൽ ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രി ൻസിപ്പാൾ ഫാ. ഡോ. ഫ്രാൻസിസ് കാരക്കാട്ട്, മാനേജർ ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി, കണ്ണൂർ യൂണിവേഴ്സിറ്റി ഫിസിക്കൽ എജുക്കേഷൻ ഡിപ്പാർട്ട്മെന്റ് അസി. ഡയറക്ടർ അനൂപ് കെ വി, ഫിസിക്കൽ ഇൻസ്ട്രക്ടർ നിതിൻ കുട്ടൻ (ഡോൺബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജ്) എന്നിവർ സമ്മാനദാനം നിർവഹിച്ചു.

# ഡോൺ ബോസ്കോയിൽ റാങ്ക് തിളക്കം



1st Rank
M.A. Journalism & Masscommunication
Sonnet Mathew



1st Rank
M.com.
Anupam Michel



2nd Rank
M.A. Journalism & Masscommunication
Athira James



3rd Rank
M.A. Journalism & Masscommunication
Abel Babu



2nd Rank
BSW
Diya Antony



3rd Rank
BSW
Joseena George

കണ്ണൂർ യൂണിവേഴ്സിറ്റി അവസാന വർഷ പരീക്ഷയിൽ റാങ്ക് നേടിയ വിദ്യാർത്ഥികൾ

**വാർത്തകൾക്കും പരസ്യങ്ങൾക്കുമായി വിളിക്കൂ...9496698531**

ALL A CAR WANTS UNDER ONE ROOF

MASTER TECH MOTORS
MULTI BRAND CAR WORKSHOP



എല്ലാവിധ മോഡൽ കാറുകളുടെയും മെയിന്റനൻസ് & സർവീസ്
കമ്പ്യൂട്ടറൈസ്ഡ് സ്കാനിംഗ്
ബോഡി റിപ്പയറിംഗ് & പെയിന്റിംഗ്

Keezhpally Road, Madathil, Iritty - Ph: 9496186513

For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: പ്രവിൺ പി. എഫ്. | എഡിറ്റർ ഇൻ ചാർജ്: **അദാസിയോ ജോവാക്കിം** | സബ് എഡിറ്റേഴ്സ്: ക്രിസ്റ്റീൻ ലൂയീസ്, അഭിരാം കെ., നീതു തങ്കച്ചൻ, ചെറുപുഷ്പം പാറയ്ക്കൽ, തൊവീത്തോ പോജി, ഡെൽന ഡേവിസ് | ഫോട്ടോഗ്രാഫേഴ്സ്: ക്രിസ്റ്റീൻ ലൂയീസ്, നീതു തങ്കച്ചൻ | ഡിസൈൻ: ക്രിസ്റ്റീൻ ലൂയീസ്